LIBRARY ARCHIVES Kerala Legislative Assembly

(25) റോസ്മല ഫോറസ്റ്റ് റോഡ് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗതാഗതയോഗ്യമാക്കൽ

ശ്രീ. പി. എസ്. സുപാൽ: കുളത്തൂപ്പുഴ പഞ്ചായത്തിലെ ഒറ്റപ്പെട്ടു കിടക്കുന്ന പ്രദേശമാണ് റോസ്മല. ഇവിടെയുള്ളവർക്ക് പുറം ലോകവുമായി ബന്ധപ്പെടുന്നതിനുള്ള ഏകമാർഗ്ഗം റോസ്മല-ആര്യങ്കാവ് റോഡാണ്. ഇത് വളരെ ശോചനീയമായ സ്ഥിതിയിലാണ്. മന്ത്രിക്കുൾപ്പെടെ ഇതിന്റെ പ്രശ്നങ്ങളെ സംബന്ധിച്ച് വിശദമായിട്ട് അറിയാവുന്നതാണ്. അതിപ്പോൾ പല സാങ്കേതികമായ പ്രശ്നങ്ങളിൽ കുരുങ്ങി കിടക്കുകയാണ്. നബാർഡിൽ ഉൾപ്പെടുത്തി അടിയന്തിരമായി ഇതിന്റെ പണിതുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (*ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ*): ആര്യങ്കാവ്-രാജാകൂപ്പ് റോസ്മല റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് 1,18,10,000 രൂപയുടെ പ്രൊപ്പോസലാണ് ഗവൺമെന്റിന് ലഭിച്ചിട്ടുള്ളത്. ഇതിനാവശ്യമായ പരിഗണന നൽകുന്നതാണ്.

(26) നെടുങ്കണ്ടം ഗവൺമെന്റ് പോളിടെക്നിക്കിന് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി

ശ്രീ. കെ. കെ. ജയചന്ദ്രൻ: നെടുങ്കണ്ടം ഗവൺമെന്റ് പോളിടെക്നിക്കിന് കെട്ടിടം നിർമ്മിക്കുന്നതിനെ സംബന്ധിച്ചാണ് പറയാനുള്ളത്. നിയമാനുസൃതമായി ഭൂമി നൽകിയിട്ടുണ്ട്. ഇപ്പോൾ നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്കെച്ചും പ്ലാനും എല്ലാം തയ്യാറാക്കി ഒരു വർഷത്തിനു മുൻപുതന്നെ നൽകിയിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ ഇക്കാര്യം ഒന്നിലധികം പ്രാവശ്യം പെടുത്തിയിട്ടുള്ളതാണ്. അടിയന്തിരമായി കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. എന്നത്തേക്ക് നടപടികൾ പൂർത്തിയാക്കാൻ കഴിയും എന്ന് വിശദീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (*ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ*): നെടുങ്കണ്ടം സർക്കാർ പോളിടെക്നിക്കിന്റെ കെട്ടിടനിർമ്മാണത്തിനായി 334 ലക്ഷം രൂപയുടെ പ്ലാനും എസ്റ്റിമേറ്റും ചീഫ് എഞ്ചിനീയർ തയ്യാറാക്കി അയച്ചിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിന്റെ ആവശ്യത്തിനായി 24,30,000 രൂപ വകയിരുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് തുകയുടെ 20 ശതമാനം തുക ബഡ്ജറ്റിൽ വകയിരുത്തിയാൽ മാത്രമേ ഭരണാനുമതി നൽകുവാൻ സാധിക്കുകയുള്ളൂ. അതിനാൽ ഇതിനാവശ്യമായ 66 ലക്ഷം രൂപ റി-അപ്രോപ്രിയേഷൻവഴി ലഭ്യമാക്കുന്നതിന് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക യോഗം വിളിച്ചു കൂട്ടുന്നതാണ്. ഇതിന് എ.ഐ.സി.റ്റി.ഇ.യുടെ അംഗീകാരം നഷ്ടപ്പെടുന്ന സ്ഥിതിയുണ്ട്. അതുകൊണ്ട് പി.ഡബ്ല്യു.ഡി.യും ഫിനാൻസുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

Page 1